"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യൂ-ബി) വകുപ്പ്**

**സ.ഉ(കൈ)നം.204/2022/ധന** **തീയതി, തിരുവനന്തപുരം, 20.11.2022**

പരാമർശം: സ.ഉ(പി)നം.66/2022/ധന തീയതി 17.06.2022

**ഉത്തരവ്**

കേരള സംസ്ഥാനത്തെ എല്ലാ മരാമത്ത് പ്രവൃത്തികളുടെയും ടെൻഡർ എസ്റ്റിമേറ്റ് തുക പരിധിയില്ലാതെ ഇ-ടെൻഡറിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. അഞ്ച് ലക്ഷത്തിൽ താഴെ അടങ്കൽ തുക വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കി സാധാരണ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഞ്ച് ലക്ഷത്തിൽ താഴെ അടങ്കൽ തുക വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ 2023 മാർച്ച് 31 വരെ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1) കേരളം, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-2) കേരളം, തിരുവനന്തപുരം
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
7. എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും
8. എല്ലാ വകുപ്പ് മേധാവികൾക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
11. ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്)
12. ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ്
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2255691)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ